LIBRARY ARCHIVES Kerala Legislative Assembly

ഉപ്പള ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

252 (3886) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപ്പള ഫയർ സ്റ്റേഷന്റെ പരാധീനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷനിൽ ഏതൊക്കെ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഒഴിവുകൾ എപ്പോൾ നികത്തുമെന്ന് അറിയിക്കുമോ ;

(ഡി) ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ഇ) കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉപ്പള ഫയർ സ്റ്റേഷനിൽ ഫയർമാൻ-2 ഒഴിവ്, ഡ്രൈവർ മെക്കാനിക്ക്-1 ഒഴിവ് എന്നിവ നിലവിലുണ്ട്.

(സി) പി.എസ്.സി.-യിൽ നിന്ന്,- ഫയർമാന്റെ ഒഴിവുകളിലേക്ക് അഡ്വൈസ് ലഭിക്കുന്ന മുറക്ക് ഒഴിവ് നികത്തുന്നതാണ്. ഡ്രൈവർ മെക്കാനിക്ക് തസ്തികയിലേക്ക് ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്ററിൽ നിന്ന് യോഗ്യതയുള്ള ജീവനക്കാരെ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതാണ്.

(ഡി&ഇ) മംഗൽപ്പടി ഗ്രാമപഞ്ചായത്തിൽ സർവ്വേ നമ്പർ 50/1-ൽ ഉൾപ്പെട്ട ഒന്നര ഏക്കർ സ്ഥലത്ത് ഫയർ സ്റ്റേഷനുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിലേക്കായി നടപടികൾ സ്വീകരിച്ചുവരുന്നു.

അങ്കമാലി ഫയർ ആഡ്ഓസ്സ്യൂ സ്റ്റേഷനിലെ ക്രാഷ് ടെൻഡർ യൂണിറ്റ്

253 (3887) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അങ്കമാലി ഫയർ ആഡ് റെസ്സ്യൂ സ്റ്റേഷനിലെ ക്രാഷ് ടെണ്ടർ യൂണിറ്റ് വാഹനവും ആംബുലൻസും ഉൾപ്പെടെ, വാഹനങ്ങളും ഉപകരണങ്ങളും ഉപയോഗ യോഗ്യമാക്കുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ; ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?